മിസ്റ്റർ കെ. ഐ. വേലായുധൻ; ജയിലിൽ രാഷ്ട്രീയ തടവുകാരിൽ എ. ക്ലാസ്സ് ആക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അതിനെപ്പറ്റി അന്വേഷിച്ചുവേണം മറുപടി പറയുവാൻ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; പത്രങ്ങൾ രാഷ്ട്രീയ തടവുകാർക്ക് ജയിലിൽ വായിക്കുവാൻ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; പത്രങ്ങൾ കൊടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. പിന്നെ അതു കിട്ടാത്തതായി യാതൊരു ആവലാതിയും ഇതുവരെ വന്നിട്ടില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; രാഷ്ട്രീയതടവുകാരെ ഇവിടത്തെ പാർക്കിൽ കുറെനേരം കൊണ്ടിരുത്തി Radio കേൾപ്പിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അവർ തൃപ്തരാണ്.

INCREASE IN THE PRICE OF FUEL—STEPS TAKEN

132. (265) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) ഇപ്പോടെയുണ്ടായ വിറകിന്റെ വിലക്കയറ്റത്തെക്കുറിച്ച് ഗവൺമെണ്ടിലേക്ക് ആക്ഷേപം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് അക്കാര്യത്തിൽ ഗവൺമെണ്ട് എടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഇനി ഒരു ഉത്തരവുവരെ വില പഴയ തോതിൽ തന്നെ നിയ്ക്കുന്നതിനുള്ള ഉത്തരവു കൊടുത്തു.

മിസ്റ്റർ കെ. ടി. അച്യുതൻ: വിറകിന്റെ വില കൂടുതൽ എത്ര ആഴ്ചവരെ നീണ്ടു നിന്നിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ; അതു നിശ്ചയമില്ല. മറുപടി പറയണമെങ്കിൽ നോട്ടീസ്സുവേണം.

SUPPLY OF WATER—PARTICULARS OF

133. (65) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state.—

(*a*) the measures that the Government have taken for the supply of water in Vypeen Island, Mulavukad and Panambukad;

(*b*) how many water tanks have been fitted in Azhikal and elsewhere;

(*c*) whether the Government are aware that the supply of water through tanks is quite meagre and many representations have been made to Government for additional supply of water every where;

(*d*) if so what action has been taken in this connection ?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Alwaye water was supplied to the people of Vypeen, Mulavukad, and Panambukad during the summer months of 1122 and 1123. Water was being transported in a landing craft and filled in the various tanks installed at several points in these places. Taps were also fitted to these tanks. Government propose to resume this course this year also.

(*b*) 12 tanks have been installed in the Vypeen Island and 7 tanks in Vallarpadam and Panambukad.

(*c & d*) Yes. But considering the difficulty of transport and the high cost involved, and also due to want of a copius supply at present from the source, Government have not been able to enhance the supply. Laying of pipe lines and installation of a pumping station is under consideration of the Government.

എം. ഐ. പോൾ: ഈ ടാങ്കുകൾ എല്ലാം എവിടങ്ങളിലാണ് വച്ചിരിക്കുന്നതെന്നു പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അഴിക്കൽ മുതൽ ചെല്ലാനംവരെ വെച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: അങ്ങിനെ എത്രടാങ്കുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: വൈപ്പിൻ ഐലണ്ടിൽ (Island) പന്ത്രണ്ട് ടാങ്കും വല്ലാർപാടം പനമ്പുകാട് മുതലായസ്ഥലങ്ങളിൽ ഏഴ ടാങ്കുകളുമാണ് വെച്ചത്.

മിസ്റ്റർ എം. ഐ. പോൾ: ഇതു ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തു ചെന്നു നോക്കിയിട്ടാണോ പറയുന്നത്?

മിസ്റ്റർ കെ. അയ്യപ്പൻ:. ഇങ്ങനെയുള്ള കാര്യങ്ങൾക്കൊക്കെ മറുപടി പറയുവാൻ മന്ത്രിക്കു സ്ഥലം സന്ദർശിച്ചു നോക്കിയിട്ടു വേണം എന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല.

മിസ്റ്റർ എം. ഐ. പോൾ: വൈപ്പിൻ കരയിൽ പന്ത്രണ്ടു ടാങ്കുകൾ വച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്, എന്നാൽ അവിടെ പന്ത്രണ്ട് ടാങ്കുകൾ വച്ചതായിട്ടു കാണുന്നില്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ടമന്ത്രിക്ക് അന്വേഷിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പറുടെ അനുഭവം അങ്ങിനെയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം. ലാണ്ടിങ്ങ് ക്രാഫ്ട് മുഖേന വെള്ളം കൊണ്ടുപോയി കൊടുത്തിരുന്ന സ്ഥലങ്ങളിലെല്ലാം ടാങ്കുകൾ വെച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ കൊണ്ടുകാണുന്നത്.

മിസ്റ്റർ മായൻകുട്ടിമേത്തർ: പൈപ്പുലൈൻ എവിടംവരെയാണ് നീട്ടുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.?

മിസ്റ്റർ കെ. അയ്യപ്പൻ; അഴീക്കൽ മുതൽ ഞാറയ്ക്കൽ വരെ പൈപ്പ് ഇക്കൊല്ലം ഇടാൻ സാധിച്ചേക്കും.

മിസ്റ്റർ എം. ഐ. പോൾ. ടാങ്കുകൾ വച്ചിട്ടുണ്ടെന്നു പറയുന്ന റിപ്പോർട്ട് ശരിയാണോ അല്ലയോ അന്നു് അന്വേഷിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ അവിടെ ചെന്നു നോക്കിയിട്ടില്ല. ഈ റിപ്പോർട്ടുകൾ എല്ലാം ഡിപ്പാർട്ടുമെൻറ് വഴിയായി തരുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ അന്വേഷിച്ചു പറയുന്നതാണെങ്കിൽ അതിനെപ്പറ്റി ഞാൻ അന്വേഷിക്കാം. വല്ലവരും പറഞ്ഞുകേട്ടിട്ടുള്ള അറിവു വെച്ചുകൊണ്ട് ചോദിക്കുന്നതല്ലെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ എം. ഐ. പോൾ: എന്റെ ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് മറുപടിപറയുന്നത്. അതു വാസ്തവമാണെന്നല്ലെ വിചാരിക്കേണ്ടതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതു വാസ്തവമല്ലെന്നു ഗവൺമെണ്ട് പറയുന്നില്ല. ഡിപ്പാർട്ടുമെണ്ടിൽ നിന്നു കിട്ടിയ വിവരങ്ങളാണു പറയുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: ഈ റിപ്പോർട്ടെല്ലാം യഥാർത്ഥമാണോ എന്നു അന്വേഷിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു ഞാൻ അന്വേഷിക്കാം.

മിസ്റ്റർ ഗാസ്പർ ഡി.സിൽവാ: മുളവുകാട് വാട്ടർ ടാങ്കു വെക്കുന്ന കാര്യത്തെപ്പറ്റി ഇതുവരെ യാതൊരു അന്വേഷണവും നടത്തിയിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: അന്വേഷണം നടത്തിയല്ല ചോദ്യങ്ങൾക്കു മറുപടി അയക്കുന്നതു്. ഓഫീസുകളിൽ ഉള്ള വിവരങ്ങളാണു വെച്ചാണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഈ ചോദ്യത്തിനു് പറഞ്ഞിരിക്കുന്ന മറുപടി തെറ്റാണെന്നുണ്ടെങ്കിൽ അങ്ങിനെ തെറ്റായ മറുപടി റിപ്പോർട്ടു ചെയ്യുവാൻ ഇടയാക്കിയ ഉദ്യോഗസ്ഥന്റെ പേരിൽ വേണ്ട നടപടി എടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അന്വേഷണത്തിൽ തെറ്റായിട്ടുള്ള മറുപടിയാണു് തന്നിട്ടുള്ളതെങ്കിൽ അതിനെപ്പറ്റി ഗൌനിക്കുന്നതായിരിക്കും.

ഡോക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: സർ, മുളവുകാട് ഗവൺമെണ്ടിൽ നിന്നു് എന്നെങ്കിലും ഒരിക്കൽ ഒരു തുള്ളിവെള്ളമെങ്കിലും Supply ചെയ്തിട്ടുണ്ടോ എന്നു് അന്വേഷിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ടാങ്കുകളിൽനിന്നു വെള്ളം കൊടുക്കുന്നില്ല. എന്നാൽ ആ ടാങ്കുകളിൽ നിന്നു വെള്ളം കൊടുക്കുന്നുണ്ടെന്നു തെറ്റായ ഒരു മറുപടി പറയുന്നതു സങ്കടമല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: എനിക്ക് അതിലും വലിയ സങ്കടമായിട്ട് തോന്നുന്നുണ്ട്. വാസ്തവത്തിൽ ടാങ്കുകൾവെച്ച് വെള്ളം കൊടുത്തിട്ടുണ്ട്. മുളവുകാട് ഉണ്ടെന്നു് പറയുന്നതു് പിശകാണു്.

മിസ്റ്റർ എം. ഐ. പോൾ: മുരുക്കുംപാടം, ഓച്ചംതുരുത്തു്, വല്ലാർപാടം, പനമ്പുകാടു് എന്നിസ്ഥലങ്ങളിലേക്കു് ഏഴു ടാങ്കുകൾ വെച്ചുകൊടുത്തിട്ടുണ്ടെന്നു പറയുന്നുണ്ട്. എന്നാൽ ഇതുവരെ അവിടെ ഈ പറയുന്ന മാതിരി ടാങ്കുകൾ ഇല്ലെന്നാണ് എന്റെ അറിവു്.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടങ്ങളിൽ ഏഴു ടാങ്കുകളിലായി വെള്ളം കൊടുത്തിട്ടുണ്ടെന്നാണു് കണക്കുകൾകൊണ്ടു് കാണുന്നതു്. ഇതിനെ സംബന്ധിച്ചു യാതൊരു പരാതിയും ജനങ്ങളിൽ നിന്നു വന്നിട്ടില്ല.

President: Order, order. The lady member has been getting up so many times.

ഡോക്ടർ മിസ്സിസ്സു് ടി. ഫ്രാൻസീസ്സു്: സർ, ഇനിയെങ്കിലും മുളവുകാട്ട വെള്ളം കൊടുക്കുവാൻ ഏർപ്പാടു ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: വെള്ളത്തിന്റെ സ്ഥിതി അനുസരിച്ചും, ടാങ്കിന്റെ സ്ഥിതിയനുസരിച്ചും സാധിക്കുമെങ്കിൽ വെള്ളം കൊടുക്കുവാൻ നോക്കാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: വൈപ്പീൻ കരയിൽ പൈപ്പു് ലയിൻ വന്നാൽ മാത്രമല്ലേ അവിടെ വെള്ളം കൊടുക്കുവാൻ സാധിക്കുകയുള്ളു?.

മിസ്റ്റർ കെ. അയ്യപ്പൻ: അതിനു വേറെ ഒരു പദ്ധതിയുണ്ടു്. അതായതു് Submerged pipe പദ്ധതിയാണു്. അതുവഴി ഈ വക സ്ഥലങ്ങളിലെക്കെല്ലാം വെള്ളം കൊടുക്കുവാൻ സാധിക്കും. പക്ഷെ ആ പദ്ധതി നടപ്പിൽ വരുത്തുവാൻ താമസം വരും.

മിസ്റ്റർ പി. കെ. ഡീവർ: ഈ പൈപ്പുകൾ ഇടുന്നതിനു വേണ്ടി order കൊടുത്തിട്ടില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ: അതു് നിറുത്തുവാൻ വേണ്ടി ചീഫ് എഞ്ചിനീയർ വല്ല ഉത്തരവും ഇട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ വക സംഗതികളെപ്പറ്റി പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: പൈപ്പിടൽ വേഗത്തിൽ നടത്തുവാൻ ഗവണ്മെണ്ടു് ഓർഡർ കൊടുത്തുകഴിഞ്ഞാൽ, അങ്ങിനെ ചെയ്യാത്തപക്ഷം, ആ ഉദ്യോഗസ്ഥന്റെ ഉദാസീനതയെ ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തേണ്ടതു് ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികളുടെ ചുമതലയല്ലേ? അതിനെപറ്റി ഗവണ്മെണ്ടിനു വല്ല അറിവും ഉണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: പൈപ്പു് ഇടുവാൻ ഗവണ്മെണ്ടു് ഊർജ്ജിതമായി നടപടികൾ എടുക്കുന്നതാണു്.

Mr. President: What is the point of the Hon'ble Member? It has been stated that it is still under the consideration of the Government.

Mr. P. K. Dewer *(Labour):* I put a question whether the Government had not given orders to the Department to lay pipes. It was answered that it was so. Then I put another question whether the Chief Engineer did give orders to suspend the work.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: നമ്മുടെ ആവശ്യത്തിനു മതിയായ വെള്ളം ആലുവായിൽനിന്നു കിട്ടുന്നതിനു് തിരുവിതാംകൂർ ഗവണ്മെണ്ടുമായി വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനെ സംബന്ധിച്ചു നമ്മുടെ പ്രധാനമന്ത്രി തിരുവിതാംകൂർ പ്രധാനമന്ത്രിയുമായി ആലോചിക്കുകയുണ്ടായിട്ടുണ്ടു്.

VIVEKODAYAM SAMAJAM AND HIGH SCHOOL —ADDRESS, ETC., OF THE MANAGING COMMITTEE MEMBERS

134. (282) **Mr. K. I. Velayudhan** *(Pazhanji):* Will Government be pleased to state,—the names, addresses and qualifications of the members of the Managing Committee of the Vivekodayam Samajam and of the High Schools thereunder?

Mr. C. A. Ouseph *(Minister for Education and Public Health):*

1. Sri. M. R. Menon, F. C. I. S. (London), F. L. A. A. (London), Mannathazhath House Sankaraya Road, Kanattukara, President.
2. Sri. V. G. Ramaswamy Ayyar, B. A., L. T., Thirvanbadi, Trichur, Vice-President.

LIBRARY ARCHIVES Kerala Legislative Assembly